(സി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി ഇത്തവണത്തെ കാലവർഷത്തിൽ സ്വീകരിക്കുമോ;

(ഡി) ഇത്തവണത്തെ കാലവർഷത്തിൽ പ്രസ്തുത ജില്ലയിൽ എത്ര വീടുകൾ തകർന്നെന്നും എത്ര ഹെക്ടറിലെ കൃഷി നശിച്ചുവെന്നും എത്ര രൂപയുടെ നാശനഷ്ട മുണ്ടായെന്നും വ്യക്തമാക്കാമോ;

(ഇ) കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുമോ?

ഉത്തരം

(എ) പ്രായപൂർത്തിയായവർ .. 6
കുട്ടികൾ .. 3

(ബി) 7 പേരുടെ കുടുംബത്തിന് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ശേഷിക്കുന്ന 2 പേരുടെ കുടുംബത്തിന് ധനസഹായം നൽകുന്നതി നുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

(ഡി) 302 വീടുകൾ ഭാഗികമായും 50 വീടുകൾ പൂർണ്ണമായും നശിച്ചതുമൂലം ഏകദേശം 26,33,590 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏകദേശം 3065 ഹെക്ടറിലെ കൃഷി നശിച്ചതുമൂലം ഏകദേശം 1,52,53,120 രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.

(ഇ) നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി കൃഷി നശിച്ചവർക്ക് നഷ്ട പരിഹാരം നൽകുന്നതാണ്.

"ജനങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി"

5 [4980] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതികൾ പരമാവധി കുറയ്ക്കുന്നതിന് ചേരിപ്രദേശങ്ങളിലും വെള്ള പ്പൊക്കം സ്ഥിരമായി ഉണ്ടാകുന്ന സ്ഥലങ്ങളിലും അധിവസിക്കുന്ന ജനങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാലവർഷക്കെടുതികൾമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന തിനും അതിനുള്ള ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുന്നതിനും ഓരോ ജില്ലയിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പൊതുവായ കെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂ ണിറ്റി ഹാളുകൾ എന്നിവ ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ മാറ്റിപ്പാർപ്പിക്കുന്നവർക്ക് സൗജന്യ ഭക്ഷണം, മരുന്ന് എന്നിവ നൽകുന്നതിനും ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വിഭാഗത്തിലുള്ള ഡോക്ടർമാരെ ഇതിനായി എല്ലാ ജില്ലകളിലും നിയോഗിച്ചു കഴിഞ്ഞു. ഇതിനെല്ലാംപുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly